**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂൺ 27, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

37(*271) സാങ്കേതിക വിദ്യാഭ്യാസ പഠനരംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥിനികളുടെ എൻറോൾമെന്റ് ഉയർത്തുന്നതിനും നൈപുണ്യ വികസനത്തിനും ഗവേഷണ അഭിരുചി വർധിപ്പിക്കുന്നതിനും തൊഴിൽ പ്രാപ്തരാക്കുന്നതിനും ലക്ഷ്യമിട്ട് Scheme for Her Empowerment in Engineering Education (SHE), യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം, റോബോട്ടിക്സ് ലാബ്, ഫിനിഷിംഗ് സ്കൂൾ തുടങ്ങി വിവിധ പദ്ധതികൾ

നടപ്പിലാക്കിയതിലൂടെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന 44223 പെൺകുട്ടികൾക്ക് പുറമെ പോളിടെക്നിക് കോളേജുകളിൽ 2023-24 വർഷം 3991 പേർ പ്രവേശനം നേടുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നിലവിലുള്ള 7 സർക്കാർ വനിതാ പോളിടെക്നിക് കോളേജുകൾക്ക് പുറമെ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ കീഴിൽ വനിതകൾക്ക് മാത്രമായി പൂജപ്പുരയിൽ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകുകയും 2024-25 അധ്യയന വർഷത്തിൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ക്യാമ്പസിൽ 6.75 കോടി രൂപ ചിലവിൽ നിർമ്മിക്കുന്ന അഡീഷണൽ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമാണം 2025 ഫെബ്രുവരി മാസത്തോടെ പൂർത്തിയാകുന്നതാണ്. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിലെ മികവിന്റെ കേന്ദ്രങ്ങൾ, Industry-on-Campus, Industrial Park, Technology Business Incubator, Mini Industrial Units എന്നിവിടങ്ങളിൽ വിദ്യാർത്ഥിനികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. വിദ്യാർത്ഥിനികളുടെ നൈപുണ്യ

വികസനത്തിനും തൊഴിൽ സംരംഭകത്വം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഡിപ്ലോമാ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾക്കായി ഐ.എച്ച്.ആർ.ഡി അന്താരാഷ്ട്ര റിസർച്ച് ജേർണൽ ആരംഭിച്ചിട്ടുണ്ട്. കണക്ട് കരിയർ ടു ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി സ്കിൽ എൻഹാൻസ്മെന്റ് പദ്ധതികളും പുതുതലമുറ തൊഴിലവസരങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ ധാരണ ഉണ്ടാക്കുന്നതിനുള്ള പരിപാടികളും ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. അസാപ് കേരളയിലൂടെ ഐ.ടി., റോബോട്ടിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ്, ഫാർമാകോവിജിലൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയവയിൽ ട്രെയിനിംഗ് നൽകിവരുന്നതും എഞ്ചിനിയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് റിസർച്ച് പാർക്കുകൾ ആരംഭിക്കുന്നതുമാണ്. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ രൂപീകരിച്ചിട്ടുള്ള ഐ.പി.ആർ സെല്ലിന്റെ ആഭിമുഖ്യത്തിൽ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സംബന്ധിച്ച ധാരണയും ഗൈഡൻസും അധ്യാപകർക്കും ഗവേഷകർക്കും നൽകുന്നതിന് സംവിധാനമൊരുക്കുകയും ഐ.ഐ.എം./ഐ.ഐ.ടി. എന്നിവയുമായി ജോയിന്റ് വെഞ്ച്വർ പ്രോഗ്രാമുകൾ ആസൂത്രണം ചെയ്തുവരികയുമാണ്.

ട്രാൻസിലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിക്കുകയും കേരള നെറ്റ്‌വർക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ എന്ന മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ നൽകുന്ന പദ്ധതിയുടെ ഭാഗമായി 148 യുവ ഗവേഷകർ ഗവേഷണ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുണ്ട്. കലാലയങ്ങളിൽ ജെൻഡർ ജസ്റ്റിസ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ടെന്നും ജെൻഡർ ജസ്റ്റിസ് ഫോറങ്ങൾ, വിമൻ സെല്ലുകൾ എന്നിവ ശക്തിപ്പെടുത്തുന്നതാണെന്നും ജെൻഡർ ന്യൂട്രാലിറ്റി യൂണിഫോമുകൾ നിലവിലുണ്ടെന്നും മഹാരാജാസ് കോളേജിൽ ജെൻഡർ ന്യൂട്രൽ ടോയ്‌ലറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

38(*272) <u>സർവകലാശാലകൾക്ക് മികവിന്റെ പുരസ്കാരങ്ങൾ</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ 4 സർവകലാശാലകൾ ദേശീയ റാങ്കിംഗ്/അക്രഡിറ്റേഷനിൽ മികച്ച സ്ഥാനങ്ങൾ നേടിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എൻ.ഐ.ആർ.എഫ്.

2023 പ്രകാരം കേരള സർവകലാശാല 24-ഉം മഹാത്മാഗാന്ധി സർവകലാശാല 31-ഉം റാങ്കുകളും നാക് ഗ്രേഡ് A++ ഉം കരസ്ഥമാക്കിയിട്ടുണ്ട്. 2016-ന് ശേഷം നിലവിൽവന്ന ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ യു.ജി.സി. അംഗീകാരത്തോടെ 28 പ്രോഗ്രാമുകൾ നടത്തിവരുന്നുണ്ട്. അക്കാദമിക/പാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കുന്ന രീതിയിൽ 2024-25-ലെ അക്കാദമിക കലണ്ടർ തയ്യാറാക്കുകയും ബിരുദാനന്തര ബിരുദ കരിക്കുലം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തുവരികയാണ്. സർവകലാശാലകളിലും ഉന്നത വിദ്യാകേന്ദ്രങ്ങളിലും നടക്കുന്ന ഗവേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും ഗവേഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ വികസിപ്പിക്കുന്നതിന് അനുമതി നൽകുകയും ഗവേഷകർ/അധ്യാപകർ എന്നിവർക്ക് അന്തർദേശീയ ജേർണലുകൾ പ്രാപ്യമാക്കുന്നതിന് ഇ-ജേർണൽ കൺസോർഷ്യം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ അധ്യയനം സാധ്യമാക്കുന്നതിന് സെന്റർ ഫോർ ഇ-ലേണിംഗ് ആൻഡ് ഇ-കണ്ടെന്റ് ഡെവലപ്‌മെന്റ് കേന്ദ്രം ആരംഭിച്ച് കോഴ്സുകൾക്ക് സർവകലാശാലകളുടെ സഹകരണത്തോടെ ക്രെഡിറ്റ്

ലഭ്യമാക്കുമെന്നും സ്കിൽ എൻഹാൻസ്മെന്റിനും ഇന്റേൺഷിപ്പിനും അർഹമായ സ്ഥാപനങ്ങളുടെ എംപാനൽഡ് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ നിയോഗിച്ചിട്ടുണ്ടെന്നും 4 വർഷ ബിരുദ കോഴ്സുകളിലൂടെ വിദ്യാർത്ഥികൾക്ക് വിദേശ ഭാഷകൾ പഠിക്കാനുള്ള അവസരം ലഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

39(*273) <u>കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാൻ നടപടി</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ, ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP), മിനി ഫീഡർ ഓർഡിനറി സർവീസ്, നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ തുടങ്ങി വിവിധ സർവ്വീസുകൾ ആരംഭിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നതായി സഭയെ അറിയിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും വാടകയ്ക്ക് നൽകിയും ബസ് സ്റ്റാന്റ്/ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിൽ ഹോർഡിംഗ് സ്ഥാപിച്ചും LED Display സ്ഥാപിച്ചുള്ള പരസ്യംവഴിയും കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കിയും ഡിപ്പോകളിൽ കുപ്പിവെള്ള വിൽപ്പന ആരംഭിച്ചും ടിക്കറ്റിതര വരുമാനം

വർദ്ധിപ്പിച്ചിട്ടുണ്ട്. റൂട്ട്/ഇലക്ട്രിക് ബസ്സുകൾ എന്നിവയുടെ പുനഃക്രമീകരണത്തിലൂടെ dead kilometre ഒഴിവാക്കുന്നതിനും ഇന്ധന ചെലവ് കുറയ്ക്കുന്നതിനും ചെലവുകുറഞ്ഞ ഗതാഗത സംവിധാനം ഒരുക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ/പദ്ധതി വിഹിതങ്ങളായി യഥാക്രമം 900 കോടി രൂപയും 128.54 കോടി രൂപയും ബജറ്റിൽ വകയിരുത്തുകയും കെ.ടി.ഡി.എഫ്.സി.-ക്ക് നൽകുവാനുള്ള വായ്പാ കുടിശ്ശികയിനത്തിൽ 625 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വായ്പ കുടിശ്ശിക അടച്ചുതീർത്തതുവഴി കെ.എസ്.ആർ.ടി.സി.-യുടെ ക്രെഡിറ്റ് റേറ്റിംഗ് 'C-Stable' കാറ്റഗറിയിലേക്ക് ഉയരുകയും 450 കോടി രൂപ അധിക വായ്പ അനുവദിക്കുന്നതിന് കൺസോർഷ്യം ബാങ്കുകൾ സന്നദ്ധത അറിയിക്കുകയുമുണ്ടായി. 2024 അധ്യയന വർഷം മുതൽ വിദ്യാർഥി കൺസഷൻ ഓൺലൈൻ ആക്കുകയും ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡിപ്പോകളിൽ Restaurant cum Supermarket ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിംഗ് പരിശീലനം നൽകി മികവുറ്റ ലൈസൻസ്

അനുവദിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ലീപ്പർ ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കാനും ബസ്സുകളുടെ ഓഫ് റോഡ് 500-ലേക്ക് എത്തിക്കുന്നതിനും ചെറിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനും നടപടി സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. യാത്രക്കാർക്ക് യോഗ്യമായ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സജ്ജമാക്കുന്നതും ഡിപ്പോകളിലെ പബ്ലിക് ടോയ്‌ലെറ്റുകൾ പുനരുദ്ധാരണം നടത്തി ഉപയോഗപ്രദമാക്കുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തുന്നതുമാണ്. കർണാടക/തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായും IRCTC, ലക്ഷദ്വീപ് ടൂറിസം ഡിപ്പാർട്ട്മെന്റ് എന്നിവയുമായി സഹകരിച്ച് ടൂർ പാക്കേജുകൾ നടപ്പാക്കുന്നതിന്റെ കരാർ നടപടികളും "കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" പദ്ധതിക്ക് അന്തിമ രൂപം നൽകുന്ന നടപടികളും പുരോഗമിച്ചുവരികയാണ്. 14 ഡിപ്പോകളിൽ യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്‌ലെറ്റുകളും 2 ലൂബ് ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ മുടങ്ങിക്കിടന്നിരുന്ന ശമ്പള പരിഷ്ക്കരണം അനുവദിക്കുകയും ശമ്പളം ഒറ്റ ഗഡുവായി വിതരണം ചെയ്യുന്നതിനും ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി ആരംഭിക്കുകയും അവശത അനുഭവിക്കുന്ന

ജീവനക്കാർക്ക് ആയാസരഹിത ജോലിയും കാറ്റഗറി മാറ്റവും നടപ്പിലാക്കുന്നതിന് മെഡിക്കൽ ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സെന്റേജ് ചാർജ്ജില്ലാതെ കെ.എസ്.ആർ.ടി.സി.-യുടെ വർക്കുകൾ ചെയ്യാൻ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് ഡിവിഷൻ തീരുമാനിച്ചിട്ടുണ്ട്. മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്, പേരൂർക്കട ഡിപ്പോ നവീകരണം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്. 15 വർഷം പഴക്കമുള്ള സർക്കാർ വാഹനങ്ങൾ പൊളിക്കുന്നതിന് ഓപ്പൺ ടെൻഡർ ക്ഷണിക്കുമെന്നും കാസർഗോഡ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ തുളുനാട് കെ.എസ്.ആർ.ടി.സി. കോംപ്ലക്സിലേയ്ക്ക് മാറ്റുമെന്നും കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വാടക/നിരതദ്രവ്യം എന്നിവ കുറച്ച് വാടകയ്ക്ക് നൽകി ഉപയോഗപ്രദമാക്കുമെന്നും ഡിപ്പോകളിൽ ഡിസ്പ്ലേ ബോർഡുകളും അനൗൺസ്മെന്റ് സംവിധാനവും ഓൺലൈൻ ബുക്കിംഗിനായി മൊബൈൽ ആപ്പും ഏർപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

40(*274) <u>ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്</u>

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഒന്നുമുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി 'മാർഗ്ഗദീപം' സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്ക് 20 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ന്യൂനപക്ഷ വിദ്യാർഥികൾക്ക് കേന്ദ്രസർക്കാർ നൽകിവന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് 2022 മുതൽ നിർത്തലാക്കിയതിനെത്തുടർന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്ത ടി പദ്ധതിക്ക് 6647.91 ലക്ഷം രൂപ അനുവദിക്കുകയും 59509 വിദ്യാർത്ഥികൾക്കായി 5346.67 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ വിദ്യാർഥികളുടെ വിദ്യാഭ്യാസ പുരോഗതി മുൻനിർത്തി എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ, പോളിടെക്നിക് ഡിപ്ലോമ, നഴ്സിംഗ് ഡിപ്ലോമ, പാരാമെഡിക്കൽ ഡിപ്ലോമ എന്നീ കോഴ്സുകളിലും പ്രൈവറ്റ് ഐ.ടി.ഐ.-കളിലും പഠിക്കുന്നവർക്കും സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നവർക്കുമായി ഫീസ് റീ-ഇംബേഴ്സ്മെന്റ്/നൈപുണ്യപരിശീലന

പദ്ധതികളും യൂ.ജി.സി./ സി.എസ്.ഐ.ആർ. നെറ്റ് പരീക്ഷ പരിശീലന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. ന്യൂനപക്ഷ വിദ്യാർഥികളുടെ നൈപുണ്യ പരിശീലനത്തിനായി 402 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും 11 പുതിയ നൈപുണ്യപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിദേശ ഉപരിപഠനത്തിനായി അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുക്കുന്നതും 8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളതുമായ വിദ്യാർത്ഥികൾക്ക് പലിശ ധനസഹായമായി നൽകിവരുന്നുണ്ടെന്നും ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 146.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഐ.ടി.ഐ./ഐ.ഐ.എം എന്നിവിടങ്ങളിൽ പഠിച്ച 35 വിദ്യാർത്ഥികൾക്കായി 17.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തിത്വ വികസനം/കരിയർ ഗൈഡൻസ് എന്നിവയ്ക്കായി ഹൈസ്കൂൾ/ ഹയർസെക്കണ്ടറി/കോളേജ് തലങ്ങളിൽ വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.